# അന്യായമായി തടവുകാരാക്കപ്പെട്ടവരുടെ മോചനം ഇസ്‌ലാമിക ബാധ്യതയാണ്

عَنْ أَبِي مُوسَى رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ فُكُّوا العَانِيَ، يَعْنِي: الأَسِيرَ وَأَطْعِمُوا الجَائِعَ، وَعُودُوا المَرِيضَ (بخاري)

***അബൂമൂസ(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: "നിങ്ങൾ തടവുകാരനെ മോചിപ്പിക്കുക, വിശക്കുന്നവനെ ഊട്ടുക, രോഗിയെ പരിചരിക്കുക" (ബുഖാരി)***

**ദൈ**വം മനുഷ്യനെ സ്വതന്ത്രനായാണ് സൃഷ്ടിച്ചത്. ആ സ്വാതന്ത്ര്യം നഷ്ടപ്പെടുമ്പോൾ മനുഷ്യ ജീവിതം ദുസ്സഹമാവും. തടവുജീവിതം മനുഷ്യ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ദുരനുഭവമാണ്. ക്രിമിനൽ തെറ്റുകളും മറ്റു കുറ്റങ്ങളും ചെയ്യുന്നവർക്ക് ശിക്ഷയായി ജയിൽ ജീവിതം വിധിക്കുന്നത് അതുകൊണ്ടാണ്. അത്തരം ക്രിമിനൽ തടവുകാരുടെ മോചനമല്ല ഈ നബിവചനത്തിന്റെ പൊരുൾ.

പ്രവാചകന്റെ കാലത്ത് യുദ്ധത്തടവുകാരായും മറ്റും വിശ്വാസികൾ ശത്രുക്കളുടെ പിടിയിലകപ്പെടുക സാധാരണമായിരുന്നു. ചിലപ്പോൾ കച്ചവട യാത്രാ വേളകളിലും അതിർത്തി നിരീക്ഷണ സന്ദർഭങ്ങളിലുമെല്ലാം വിശ്വാസികളെ ശത്രുക്കൾ പിടികൂടി തടവിലാക്കാറുണ്ടായിരുന്നു. അത്തരം തടവുകാരെ മോചിപ്പിക്കൽ ഇസ്‌ലാമിക ബാധ്യതയും പുണ്യകർമവുമാണെന്നാണ് ഈ നബിവചനം പഠിപ്പിക്കുന്നത്. അന്യായമായും വ്യാജ കേസുകൾ ചുമത്തിയും ജയിലടക്കപ്പെടുന്നവരുടെ മോചനവും ഈ നിർബന്ധ സാമൂഹിക ബാധ്യതയിൽ ഉൾപ്പെടുമെന്ന് ഈ ഹദീസ് വിശദീകരിക്കവെ പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിച്ചമച്ച കേസ് ചുമത്തി തടവിലടക്കപ്പെട്ട പ്രവാചകനാണ് യൂസുഫ് നബി(അ). അദ്ദേഹത്തിന്റെ തടവുജീവിതത്തെ റസൂൽ(സ) പരാമർശിച്ചത് *സ്വഹീഹുൽ ബുഖാരി*യിൽ കാണാം. "യൂസുഫ് നബി താമസിച്ചത്ര കാലം ഞാൻ ജയിലിൽ കഴിഞ്ഞിരുന്നുവെങ്കിൽ തടവിൽ നിന്ന് പുറത്ത് വരാൻ ക്ഷണിച്ചവന് ഞാൻ അനുകൂല മറുപടി നൽകുമായിരുന്നു" എന്നാണ് നബി(സ) പറഞ്ഞത്. തടവ് ജീവിതം അത്രയും ദുസ്സഹമാണെന്നും അവിടുന്ന് കൂട്ടിച്ചേർത്തു.

അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളതല്ലാത്ത, എന്നാൽ വഹ്‌യ് ലഭിച്ച വിഷയം പറഞ്ഞുതരാമോ എന്നന്വേഷിച്ച അബൂജുഹൈഫ(റ)യോട് അലി(റ) പറഞ്ഞ മറുപടികളിലൊന്ന് തടവുകാരെ മോചിപ്പിക്കുന്നതിന്റെ പുണ്യമായിരുന്നു. *സ്വഹീഹുൽ ബുഖാരി*യിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഫിദ്‌യ (മോചന ദ്രവ്യം) നൽകി തടവുകാരെ കൈമാറുന്ന രീതി അക്കാലത്തുണ്ടായിരുന്നു. ഇങ്ങനെ മോചനദ്രവ്യം കെട്ടിവെച്ച് തടവുകാരെ മോചിപ്പിക്കുന്നത് റസൂൽ(സ) പ്രോത്സാഹിപ്പിക്കുകയും പുണ്യകർമമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. നബി(സ) തന്നെ ഫിദ്‌യ നൽകി രണ്ട് തടവുകാരെ മോചിപ്പിക്കാൻ മുൻകൈയെടുത്തത് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. ഈ നബിവചനങ്ങളും സംഭവങ്ങളുമെല്ലാം മുമ്പിൽ വെച്ച് ഇത്തരം തടവുകാരെയും, അന്യായമായി ജയിലിലടക്കപ്പെട്ടവരെയും മോചിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തൽ മുസ്‌ലിം സമൂഹത്തിന്റെ നിർബന്ധ ബാധ്യതയാണെന്ന് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ ഫത്‌വ നൽകിയിട്ടുണ്ട് (*മജ്മൂഉൽ ഫതാവ* 28/642). മോചന ശ്രമങ്ങൾക്കാവശ്യമായ ചെലവുകൾക്ക് വഖ്ഫ് സ്വത്തുക്കളടക്കമുള്ള സമുദായത്തിന്റെ കീഴിലുള്ള ധനം ഉപയോഗപ്പെടുത്താമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. "ഒരു വിശ്വാസി അന്യായമായി അപമാനിക്കപ്പെടുമ്പോൾ അദ്ദേഹത്തെ സഹായിക്കാൻ ശേഷിയുള്ളവർ അതിന് തയാറാവണം. അങ്ങനെ ചെയ്തില്ലെങ്കിൽ അന്ത്യദിനത്തിൽ മുഴുവൻ സൃഷ്ടികളുടെയും മുമ്പിൽ വെച്ച് അവർ അപമാനിക്കപ്പെടും" (അഹ്മദ്) എന്ന് നബി(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രാർഥനകൾ തിരസ്കരിക്കപ്പെടാനുള്ള പല കാരണങ്ങളിലൊന്ന് മർദിതരുടെ മോചനത്തിന് ശ്രമിക്കാത്തതാണെന്നും മർദിതന്റെ പ്രാർഥനയെ സൂക്ഷിക്കണമെന്നുമുള്ള നബിവചനങ്ങളും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്.

തെറ്റുകളോ മറ്റു കുറ്റങ്ങളോ ചെയ്തവരാണ് തടവുകാരെങ്കിൽ അതിന് തക്കതായ ശിക്ഷ അനുഭവിച്ച ശേഷവും അവരെ തുറുങ്കിലിടാൻ പാടില്ല. ശിക്ഷാ കാലാവധി കഴിഞ്ഞ ശേഷമുള്ള തടവ് അന്യായമാണ്. അതിനാൽ അത്തരം തടവുകാരുടെ മോചനവും ഈ നബിവചനത്തിന്റെ പരിധിയിൽ വരുമെന്ന് ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ തുടർ ജീവിതം നന്മയിലധിഷ്ഠിതമാണെന്ന് ബന്ധപ്പെട്ടവർക്ക് ഉറപ്പ് വരുത്താൻ സാധിക്കണമെന്ന് ചില പണ്ഡിതന്മാർ നിബന്ധന വെച്ചിട്ടുണ്ട്. മുസ്‌ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങളെയും പിന്നാക്ക വിഭാഗങ്ങളെയും കേസുകൾ കെട്ടിച്ചമച്ച് തടവിലിടുന്നതാണ് നിലവിലെ ഇന്ത്യൻ സാഹചര്യം. ചെറിയ കുറ്റങ്ങൾക്കു പോലും ജാമ്യമില്ലാ തടവ് വിധിക്കുന്നു. ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും പിഴയടക്കാൻ കാശില്ലാതെ പലരും തടവിൽ തുടരുന്നു. അത്തരക്കാരുടെ മോചനത്തിന് നിയമ പോരാട്ടത്തിലേർപ്പെടുകയെന്നത് മുസ്‌ലിം സമൂഹത്തിന്റെ നിർബന്ധ ബാധ്യതയാണ്. അതാണ് ഈ നബിവചനത്തിന്റെ കാലിക പ്രസക്തി. അത് തിരിച്ചറിഞ്ഞ് ഈ ദൗത്യം ഏറ്റെടുക്കാൻ മുഴുവൻ മുസ്‌ലിം കൂട്ടായ്മകളും തയാറാവേണ്ടതുണ്ട്.

വിശക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിന്റെയും രോഗിയെ പരിചരിക്കുകയും സന്ദർശിക്കുകയും ചെയ്യുന്നതിന്റെ പുണ്യമാണ് നബിവചനത്തിലെ മറ്റു രണ്ട് പാഠങ്ങൾ. ഉള്ളവർ ഇല്ലാത്തവർക്ക് കണ്ടറിഞ്ഞ് നൽകുമ്പോഴേ പട്ടിണി ഇല്ലാതാവൂ. അയൽവാസി വിശന്നിരിക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവൻ വിശ്വാസിയാവുകയില്ലെന്ന പ്രവാചക പാഠം അതാണുണർത്തുന്നത്. സാമൂഹിക ജീവിതത്തിൽ നിന്ന് ഒറ്റപ്പെട്ട് ജീവിക്കേണ്ടിവരുന്ന സന്ദർഭമാണ് രോഗാവസ്ഥ. പരിചരണം മാത്രമല്ല അത്തരം രോഗികൾക്കാവശ്യം. അതുവരെ സജീവമായി ബന്ധപ്പെട്ടിരുന്ന ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സഹവാസവും അവരാഗ്രഹിക്കുന്നുണ്ടാവും. ഈ സാമൂഹിക ബന്ധത്തിന്റെ തുടർച്ചയുണ്ടാവാൻ വേണ്ടി കൂടിയാണ് രോഗസന്ദർശനം ഇസ്‌ലാം പുണ്യകരമാക്കിയത്. ■